**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2678** **28-02-2023 - ൽ മറുപടിയ്ക്ക്**

**ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി ഭൂമി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ, മുതലത്തോട് എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ മലപണ്ടാര കുടുംബങ്ങൾക്ക് ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി ഭൂമി അനുവദിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | **ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ, മുതലത്തോട് എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ മലപണ്ടാര കുടുംബങ്ങൾ ഉൾപ്പെടെ കൊല്ലം ജില്ലയിലെ ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി അനുവദിക്കുന്നതിനായി ഭൂമി വിൽക്കുവാൻ തയ്യാറുള്ളവരിൽ നിന്നും ഓഫറുകൾ സ്വീകരിക്കുന്നതിനായി ജില്ലയിലെ ഭൂവുടമകളിൽ നിന്നും താൽപര്യപത്രം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 3 ഭൂവുടമകളുടെ 2.809378 ഏക്കർ ഭൂമിയുടെ പഞ്ചായത്ത്തല, ജില്ലാതല പരിശോധന നടപടികൾ പൂർത്തിയാക്കി ജില്ലാതല പർച്ചേയ്സ് കമ്മിറ്റി വില നിശ്ചയിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എസ്.എൽ.ഇ.സി.യുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് കൈമാറുന്നതിനായി കണ്ടെത്തിയ ഭൂമിയിൽ എസ്.എൽ.ഇ.സി.യുടെ അംഗീകാരത്തിന് കൈമാറുന്ന നടപടികൾക്കായി കളക്ടറേറ്റിൽ സമർപ്പിച്ച ഭൂമിയുടെ അളവെത്രയാണെന്നറിയിക്കുമോ; | (ബി) | **2.809378 ഏക്കർ** |
| (സി) | കൊല്ലം കളക്ടറേറ്റിൽ നിന്നും നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ എസ്.എൽ.ഇ.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി പൂർത്തിയാക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് | (സി) | **ഉണ്ട്. നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനായി എസ്.എൽ.ഇ.സി.യുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | എസ്.എൽ.ഇ.സി.ക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത വിഷയത്തിൽ മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കി മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് എന്നത്തേക്ക് ഭൂമി വാങ്ങി നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | **എസ്.എൽ.ഇ.സി.യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ